പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1825 12.06.2019-ലെ മറുപടിക്ക്

## ആലുവ-തൃപ്പൂണിത്തുറ റൂട്ടിലെ കെ.എസ്.ആർ.ടി.സി. ബസ്സ്

ചോദ്യം

ശ്രീ.വി.പി.സജീന്ദ്രൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലുവ-തൃപ്പൂണിത്തുറ റൂട്ടിൽ പുതുതായി ആരംഭിച്ച കെ.എസ്. ആർ.ടി.സി. ബസ്സ് സർവ്വീസിന് ശരാശരി എത്ര കളക്ഷൻ ലഭിക്കുന്നുണ്ട്; | (എ) | ശരാശരി 6866/- രൂപ കളക്ഷൻ ലഭിക്കുന്നുണ്ട്. |
| (ബി) | ആലുവ-മാറമ്പള്ളി-പെരുമ്പാവൂർ റൂട്ടിൽ പുതിയ ബസ്സുകൾ അനുവദിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | ആലുവ-മാറമ്പള്ളി-പെരുമ്പാവൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി നിരവധി സർവ്വീസുകൾ നിലവിൽ നടത്തിവരുന്നുണ്ട്. പെരുമ്പാവൂർ ഡിപ്പോയിൽ നിന്ന് യാത്രാതിരക്ക് കണക്കിലെടുത്ത് ഓരോ 10 മിനിട്ട് ഇടവേളകളിലും ഓർഡിനറി ചെയിൻ സർവ്വീസുകൾ നടത്തി വരുന്നുണ്ട്. 21 ചെയിൻ സർവ്വീസുകളും 6 ജൻറം സർവ്വീസുകളും ടി റൂട്ടിൽ കെ.എസ്.ആർ.ടി.സി നടത്തി വരുന്നു. കൂടാതെ കട്ടപ്പന, കോതമംഗലം, കമിളി തുടങ്ങിയ ഡിപ്പോകളിൽ നിന്ന് ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെയുള്ള നിരവധി സർവ്വീസുകളും ടി റൂട്ടിലൂടെ സർവ്വീസ് നടത്തി വരുന്നുണ്ട്. എന്നിരുന്നാലും ആവശ്യമെങ്കിൽ യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി.യ്ക്കും ഗുണകരമാകുന്ന രീതിയിൽ കൂടുതൽ ബസ്സുകൾ ടി റൂട്ടിൽ ക്രമീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**